**15 -ാം കേരള നിയമസഭ**

**10 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1829** **02-02-2024 - ൽ മറുപടിയ്ക്ക്**

**ആശ്വാസം സ്വയം തൊഴിൽ വായ്പ പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീമതി ശാന്തകുമാരി കെ. | | ഡോ. ആർ. ബിന്ദു<br>(ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി) | |
| (എ) | ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം ഭിന്നശേഷി കുടുംബങ്ങൾക്ക് സ്വയം തൊഴിൽ സംരംഭങ്ങൾ തുടങ്ങാൻ ആശ്വാസം പദ്ധതി പ്രകാരം എത്ര തുക അനുവദിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ; എത്ര പേർ അതിന്റെ ഗുണഭോക്താക്കളായി എന്ന് അറിയ്ക്കാമോ; | (എ) | ഈ സർക്കാർ അധീകാരത്തിൽ വന്നതിന് ശേഷം സാമൂഹ്യനീതി വകുപ്പിന്റെ നിയന്ത്രണത്തിലുള്ള കേരള സംസ്ഥാന ഭിന്നശേഷിക്ഷേമ കോർപ്പറേഷൻ മുഖേന ആശ്വാസം പദ്ധതി പ്രകാരം അർഹരായ 295 ഭിന്നശേഷിക്കാർക്ക് സ്വയംതൊഴിൽ സംരംഭങ്ങൾ തുടങ്ങുന്നതിനായി 25,000/- രൂപ വീതം 73,75,000/- രൂപ അനുവദിച്ചിട്ടുണ്ട്. |
| (ബി) | ആശ്വാസം സ്വയം തൊഴിൽ വായ്പ പദ്ധതി പ്രകാരം ധനസഹായം ലഭിക്കുന്നതിനുള്ള നടപടി ക്രമം വിശദമാക്കാമോ? | (ബി) | **ആശ്വാസം സ്വയം തൊഴിൽ വായ്പ പദ്ധതി പ്രകാരം ധനസഹായം ലഭിക്കുന്നതിനുള്ള നടപടിക്രമങ്ങൾ താഴെ പറയും പ്രകാരമാണ്.**<br><br>സ്വയം തൊഴിൽ വായ്പയ്ക്ക് ഈട് നൽകാൻ ഭൂമിയോ മറ്റ് വസ്തു വകകളോ ഇല്ലാത്ത ഭിന്നശേഷിക്കാർക്ക് ചെറുകിട സ്വയം തൊഴിൽ സംരംഭങ്ങൾ ആരംഭിക്കുന്നതിന് **ആശ്വാസം സ്വയം തൊഴിൽ വായ്പ** പദ്ധതി പ്രകാരം 25,000/- രൂപ അനുവദിച്ച വരുന്നു.<br><br>40% മോ അതിൽ അധികമോ ഭിന്നശേഷിത്വം ഉള്ളവർക്കാണ് ഈ ആനുകൂല്യം ലഭിക്കുന്നത്.<br><br>തീവ്ര ഭിന്നശേഷിത്വമുള്ളവർ, വിധവകൾ, ഗുരുതരരോഗ ബാധിതർ, 14 വയസ്സ് കഴിഞ്ഞ മാനസിക വെല്ലുവിളി നേരിടുന്ന കുട്ടികളുടെ അമ്മമാർ, 60 വയസ്സിനു മുകളിൽ പ്രായമുള്ളവർ, അഗതികൾ എന്നിവർക്ക് ടി ആനുകൂല്യത്തിന് മുൻഗണന ഉണ്ടായിരിക്കും.<br><br>സ്വന്തം പേരിലോ, ഭാര്യ ഭർത്താവ്/ അച്ഛൻ/ അമ്മ എന്നിവരുടെ പേരിലോ വസ്തുവോ വീടോ ഇല്ല എന്നതിന് വില്ലേജ് ആഫീസറുടെ സാക്ഷിപത്രവും മറ്റ് സർക്കാർ/ധനകാര്യ സ്ഥാപനങ്ങളിൽ നിന്നും ഇതേ ആവശ്യത്തിന് ധനസഹായമോ സബ്സിഡിയോടു കൂടിയ വായ്പയോ ലഭിച്ചിട്ടില്ലയെന്ന സത്യവാങ്മൂലവും അപേക്ഷയോടൊപ്പം സമർപ്പിക്കേണ്ടതാണ്. |

| | | | |
|---|---|---|---|
| | | | തെരഞ്ഞെടുക്കപ്പെടുന്ന ഗുണഭോക്താക്കൾ 200 രൂപ മുദ്ര പത്രത്തിൽ കരാർ സമർപ്പിക്കേണ്ടതാണ്. ഗുണഭോക്താക്കളെ വിദഗ്ധ സമിതിയുടെ പരിശോധനയ്ക്ക് വിധേയമായി തിരഞ്ഞെടുക്കുന്നു. |

സെക്ഷൻ ഓഫീസർ